**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3605

12/12/2014-ൽ മറുപടിക്ക്

കുടുംബശ്രീ ട്രാവെൽസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സി.പി.മുഹമ്മദ് | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2013 നവംബർ മാസത്തിലാണ് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനം ആരംഭിച്ചത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ:<br>1. സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രാസൗകര്യങ്ങൾ ഒരുക്കുക, 2. കുടുംബശ്രീ അംഗങ്ങൾക്ക് മാന്യമായ ഉപജീവന മാർഗ്ഗം ഏർപ്പെടുത്തി കൊടുക്കുക.<br>തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി, സൂക്ഷ്മ സംരംഭക മാതൃകയിൽ ടാറ്റാ നാനോ, ഇൻഡിക്ക കാറുകൾ ഉപയോഗിച്ച് സജ്ജീകരിച്ചിരിക്കുന്ന കോൾ ടാക്സി സംരംഭമാണിത്. സംരംഭകരായിട്ടുള്ള സ്ത്രീകൾ ഓടിക്കുന്ന/നിയന്ത്രിക്കുന്ന കാറുകളാണ് ഇതിലുള്ളത്. സ്ത്രീകൾ സ്വതന്ത്രമായി ഒറ്റയ്ക്ക് വിവിധ ദൈനംദിന ആവശ്യങ്ങൾക്കായി സഞ്ചരിക്കേണ്ട സാഹചര്യങ്ങളിൽ അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന രീതിയിലുള്ള യാത്രോപാധിയാണിത്. സ്ത്രീകൾക്കും, സ്ത്രീകൾക്കൊപ്പം യാത്ര ചെയ്യുന്ന പുരുഷന്മാർക്കും മാത്രമേ നിലവിൽ ഈ സൗകര്യം ലഭ്യമാക്കുന്നുള്ളു. |
| (സി) സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (സി) | പ്രസ്തുത വാഹനം ഓടിക്കുന്നവരുടേയും യാത്രക്കാരുടേയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ജിപിഎസ് സംവിധാനം വഴി ബന്ധിപ്പിക്കുകയും വാഹനം ആവശ്യമുള്ള യാത്രക്കാർക്ക് നിലവിൽ ഫോണിൽ കൂടി വാഹനം ബുക്ക് ചെയ്യാവുന്ന രീതി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. വാഹന സൗകര്യം ഉപയോഗിക്കുന്ന യാത്രക്കാരുടെ വിവരം കോൾ സെന്ററിൽ സൂക്ഷിയ്ക്കുന്നുണ്ട്. സ്ത്രീകൾക്കും, സ്ത്രീകൾക്കൊപ്പം യാത്ര ചെയ്യുന്ന പുരുഷന്മാർക്കും മാത്രമേ ഈ സൗകര്യം ലഭ്യമാക്കുന്നുള്ളു. |
| (ഡി) സംസ്ഥാനത്തുടനീളം ഇത് വ്യാപിപ്പിയ്ക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിയ പദ്ധതി ഇപ്പോൾ എറണാകുളം ജില്ലയിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. താമസംവിനാ മറ്റ് ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ